**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2305 — 09.03.2018 ന് മറുപടിയ്ക്ക്.

**മുക്കാലി-സൈരന്ധ്രി റോഡിന്റെ ശോച്യാവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സൈലന്റ് വാലിയിലേക്ക് പോകുന്ന മുക്കാലി-സൈരന്ധ്രി റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) മുക്കാലി - സൈരന്ധ്രി റോഡിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ? | (ബി) 23 കിലോമീറ്റർ ദൂരമുള്ള മുക്കാലി-സൈരന്ധ്രി റോഡ് നിലവിൽ സോളിംഗ് മാത്രമാണ് നടത്തിയിട്ടുള്ളത്. 2017 വർഷത്തിലെ മഴയിൽ ഈ റോഡിന്റെ പല ഭാഗങ്ങളിലും മണ്ണിടിച്ചിൽ ഉണ്ടാവുകയും, കൽവർട്ടുകളും ഡ്രെയിനേജുകളും സംരക്ഷണ ഭിത്തികളും തകരുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ താല്ക്കാലിക അറ്റകുറ്റപ്പണിക്കും പുനർ നിർമ്മാണത്തിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ